# പെ. ബ. ലൂക്കോസ് കോർഎപ്പിസ്കോപ്പാ നെടിയുഴത്തിൽ

( Fr. Thomas Kurisummoottil )

ക്നാനായ സമുദായത്തിൽ ഗണനീയമായ സ്ഥാനം അലങ്കരിച്ചിരുന്ന ഒരു വൈദികശ്രേഷ്ഠനാണ് ഏഴുവർഷങ്ങൾക്കുമുൻപ് ദിവംഗതനായ നെടിയുഴത്തിൽ പെ. ബ. ലൂക്കോസ് കോർ എപ്പിസ്കോപ്പാ.

കടുത്തുരുത്തിയിൽ നിന്ന് കല്ലിശ്ശേരിൽ വന്നു താമസിച്ച സമുദായവിഭാഗത്തിൽ കുരിശുംമൂട്ടിൽ കുടുംബവും ഉണ്ടായിരുന്നു. ആ കുടുംബത്തിലെ ഒരംഗമായ നെടിയുഴത്തിൽ ശ്രീമാൻ കുരുവിളയുടെ കനിഷ്ഠപുത്രനായി 1890–ൽ സുസ്മപുരുഷൻ ഭൂജാതനായി. ഒരു വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ പുലിക്കോട്ടു മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ കല്ലിശ്ശേരി ഇടവകക്കാരുടെ അപേക്ഷപ്രകാരം കാലംചെയ്ത അദ്ദേഹത്തെ ശെമ്മാശനായി ഉയർത്തി.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം കൽക്കട്ടായിലെ ബിഷപ്പ്സ് കോളജിൽ അദ്ദേഹം പഠനം തുടർന്നു. പഠനം കഴിഞ്ഞു മടങ്ങിയെത്തിയ ശെമ്മാശൻ റാന്നി എം. എസ്. സ്കൂളിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

## വൈദികൻ

പഴയ സെമ്മിനാരിയിലും പരുമല സെമ്മിനാരിയിലുമാണ് അദ്ദേഹം വൈദിക പഠനം നടത്തിയത്. 1916–ൽ ഇടവഴിക്കൽ മാർ സേവേറിയോസ് മെത്രാപ്പോലീത്താ അദ്ദേഹത്തെ പൗരോഹിത്യത്തിലേക്കുയർത്തി. ക്നാനായ കമ്മററി അംഗം, ബിഷപ്പ്സ് സെക്രട്ടറി ഇടവക വികാരി എന്നീ നിലകളിൽ അദ്ദേഹം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ക്നാനായ യാക്കോബായ സമുദായത്തിൽ ഇന്നു നിലവിലുള്ള ആണ്ടുവരിപ്പിരിവു പരേതന്റെ പരിശ്രമഫലമായി ഉടലെടുത്തിട്ടുള്ളതാണ്. വിവിധമണ്ഡലങ്ങളിൽ ബ. നെടിയുഴത്തിലച്ചൻ അനുഷ്ഠിച്ച സേവനങ്ങളെ അംഗീകരിക്കുവാൻ സമുദായം മറന്നില്ല. കോർ–എപ്പിസ്കോപ്പാ സ്ഥാനം നൽകി ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ അദ്ദേഹത്തെ ബഹുമാനിച്ചു.

## കത്തോലിക്കാസഭയിലേക്ക്

യാക്കോബായ സഭ രണ്ടു ചേരികളായി തിരിഞ്ഞു വ്യവഹാരത്തിൽ ഏർപ്പെട്ടിരുന്ന കാലഘട്ടമായിരുന്നു അതു. സമാധാനത്തിന്റെ അല സഭയിലാകമാനം അടിച്ചുയരുകയായിരുന്നു. സമാധാനത്തിന്റെ വിത്തു വിതയ്ക്കേണ്ട സഭ അസമാധാനം കൊയ്യുന്നതുകണ്ട് മനംമടുത്ത് ശാന്തിയുടെ സങ്കേതം തേടിയ അനേകം സമുദായ സ്നേഹികളിൽ ഒരുവനായിരുന്നു ബ. കോറിയച്ചൻ. ഇതിനൊരുപശാന്തിയായി കത്തോലിക്കാ പുനരൈക്യത്തെ ദർശിച്ച അദ്ദേഹം മണ്ണിൽ ബ. ഏബ്രഹാം അച്ചനോടും അനുയായികളോടും (ഈ ലേഖകന്റെ കുടുംബവും)കൂടെ 1941 മാർച്ചു 3–ാം തീയതി ഞായറാഴ്ച കറോട്ടു പള്ളിയിൽവച്ചു നിത്യസ്മരണാർഹനായ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമനസ്സിലെ മുമ്പാകെ വിശ്വാസം ഏററു പറഞ്ഞ് കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു.

ജനിച്ചുവളർന്ന സഭയേയും സമുദായത്തേയും ഉപേക്ഷിക്കുന്നവർക്ക് സമൂഹം മാപ്പുകൊടുക്കാറില്ല. പ്രമുഖരായ രണ്ടു വൈദികരുടേയും അനുയായികളുടേയും സഭാപരിവർത്തനം സമുദായ തലത്തിൽ കോളിളക്കം സൃഷ്ടിച്ചു. കടിഞ്ഞാണില്ലാത്ത നാവുകളും തത്വദീക്ഷയില്ലാത്ത പ്രസ്സും അവർക്കെതിരായി ചലിച്ചു. അപവാദ വ്യവസായം അവരുടെ വിശ്വാസത്തെപ്പോലും പരീക്ഷിച്ചു. തങ്ങളുടേയും അനുയായികളുടേയും വിശ്വാസവും അഭിമാനവും പരിരക്ഷിക്കുന്നതിനു വളരെയധികം പണിപ്പെടേണ്ടിവന്നു അവർക്കു. ഇതര സഭകളിൽനിന്ന് കത്തോലിക്കാ വിശ്വാസത്തിലേക്കു കടന്നു വന്നിട്ടുള്ളവർ അനുഭവിക്കേണ്ടിവന്നിട്ടുള്ള ക്ലേശങ്ങളുടെ ആഴം എല്ലാവരും മനസ്സിലാക്കേണ്ടതു തന്നെയാണ്.

ബ. കോറിയച്ചന്റെ കത്തോലിക്കാ പ്രവേശനത്തോടുകൂടി കല്ലിശ്ശേരിൽ സ്ഥാപിതമായ പള്ളിയുടേയും നമ്മുടെ രൂപതയിലെ പുനരൈക്യപരിശ്രമങ്ങളുടേയും ചുമതല അദ്ദേഹത്തിൽ നിക്ഷിപ്തമായി. മിഷൻ സുപ്പീരിയറായിരിക്കുമ്പോൾ അദ്ദേഹം വിവിധ സ്ഥലങ്ങളിൽ ചുററിനടന്ന് പുനരൈക്യപ്പെട്ടവരെ വിശ്വാസത്തിൽ ഉറപ്പിക്കുകയും അനേകരെ കത്തോലിക്കാസഭയിലേക്കു നയിക്കുകയും ചെയ്തു. പുനരൈക്യപ്പെട്ടവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ കാര്യങ്ങളിലും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. കല്ലിശേരി കവലയിൽ തലയുയർത്തി നിൽക്കുന്ന ബ്രഹ്മാണ്ഡമായ കുരിശുപള്ളി പരേതന്റെ കഴിവിന്റെയും പരിശ്രമത്തിന്റെയും നിദർശനമാണ്. രണ്ടു പുത്രന്മാരുടെയും രണ്ടു പുത്രികളുടേയും പിതാവായ അദ്ദേഹത്തിന്റെ സഹധർമ്മിണി വെളിയനാട്ടു മാരങ്കരിയിൽ ശ്രീമതി അന്നമ്മയായിരുന്നു.

## ജീവിതാന്ത്യം

രോഗവും ക്ഷീണവുംമൂലം സജീവ പ്രവർത്തനങ്ങളിൽനിന്നെല്ലാം വിരമിച്ച് വിശ്രമിക്കുകയായിരുന്ന അദ്ദേഹം. 1962-ൽ ആരോഗ്യസ്ഥിതി വളരെ മോശമായിത്തീർന്നപ്പോൾ അദ്ദേഹത്തിനു കന്തീലാ ശുശ്രൂഷ നടത്തുകയുണ്ടായി. തുടർന്നു ക്ഷീണത്തിനു വളരെ കുറവുണ്ടായെങ്കിലും പൂർണ്ണ ആരോഗ്യം വീണ്ടെടുക്കുവാൻ കഴിയാതെ വിശ്രമജീവിതം തുടർന്നു. അടുത്ത വർഷം ഓഗസ്റ്റ് മാസത്തിൽ അദ്ദേഹത്തിന്റെ ക്ഷീണം വർദ്ധിക്കുകയും ആ മാസം 28-ാം തീയതി ദിവംഗതനാവുകയും ചെയ്തു. അങ്ങനെ കർത്താവിന്റെ തിരുനിവാസസ്ഥാനത്തു വ്യാപരിച്ചിരുന്ന ആചാര്യൻ പ്രതിസമ്മാനത്തിനായി വിളിക്കപ്പെട്ടു എങ്കിലും അദ്ദേഹത്തിന്റെ അരൂപി അനേകർക്കു പ്രചോദനമേകുന്നു.

## വ്യക്തിത്വം

ആകർഷകമായ ആകാരഭംഗി, എവിടെയും മുഖ്യസ്ഥാനാർഹത ദ്യോതിപ്പിക്കുന്ന നിലപാട്, ഹൃദയഹാരിയായ പെരുമാറ്റം അനിതരസാധരണമായ നയചാതുരി എന്നീ ഗുണവിശേഷങ്ങൾ സമഞ്ജസമായി സമ്മേളിച്ചിരുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ബ. കോറിയച്ചൻ. സ്വയം സംസാരിക്കുന്ന ആ വ്യക്തിത്വവും അതിന്റെ നേട്ടങ്ങളും അദ്ദേഹത്തിന്റെ സ്മരണയെ നിലനിർത്തും. എങ്കിലും അദ്ദേഹത്തിനു ഉചിതമായ ഒരു സ്മാരകം ഏർപ്പെടുത്താതെ ബന്ധപ്പെട്ടവർക്ക് കൃതകൃത്യരാകുവാൻ കഴിയുകയില്ല.

അനേകം ആത്മാക്കളെ ദൈവസന്നിധിയിലേക്കു നയിച്ച ആത്മപാലകന്റെ ആത്മാവ് ആശ്വാസം കണ്ടെത്തട്ടെയെന്ന് പ്രാർത്ഥിക്കുന്നു.


# HOTEL AMBASSADOR

(The only approved HOTEL)

Air conditioned rooms available. We offer without notice hundreds of varities of delicious dishes.

WESTERN, INDIAN & CHINESE

(Tea party, Luncheon Party, Dinner Party etc are undertaken)

GRAMS: AMBASSADOR Telepone 3755, 3293 and 3294 with extension to rooms.

BEST DRINK UNDER THE SUN
JACOBS
AVAILABLE EVERY WHERE.

MANUFACTURERS: JACOBS AERATED WATERS, P. B. No. 33.
KOTTAYAM.

Grams: MODERN. Telephone : 2029.